# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3652 | 23.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## വാറ്റിൽ നിന്നും ജി.എസ്.റ്റി.യിലേക്ക് മാറുമ്പോൾ ഉണ്ടാകുന്ന പ്രതിസന്ധികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.ഉമ്മർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>,, ടി.എ.അഹമ്മദ് കബീർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ 2017-18 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ വാറ്റ് നികുതിയും തുടർന്ന് ജി.എസ്.റ്റി.യും നടപ്പിലാക്കുമ്പോൾ എന്തെല്ലാം പ്രായോഗിക വിഷമതകളാണ് നേരിടുന്നതെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ 2017-18 സാമ്പത്തിക വർഷത്തിന്റ ആദ്യ പാദത്തിൽ വാറ്റ് നികുതിയും തുടർന്ന് ജി.എസ്.റ്റി.യും നടപ്പിലാക്കുമ്പോൾ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 01.07.2017 മുതലാണ് ജി.എസ്.ടി നടപ്പിലാക്കിയത്. ജി.എസ്.ടി - ക്കു മുമ്പുള്ള ഇടപാടുകൾ പഴയ നിയമപ്രകാരവും 01.07.2017 - ന് ശേഷമുള്ള ഇടപാടുകൾ ജി.എസ്.ടി നിയമപ്രകാരവും ആണ് നടത്തേണ്ടത്. വാറ്റ് നികുതി വ്യവസ്ഥയിൽ ഉള്ള നീക്കിയിരിപ്പ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നിബന്ധനകൾക്ക് വിധേയമായി ജി.എസ്.ടി യിൽ അനുവദിച്ചിട്ടുണ്ട്.<br><br>ചരക്കുസേവനനികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. കേരളം പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമാണ്. കേരളത്തിനാവശ്യമായ സാധങ്ങളിൽ ഭൂരിഭാഗവും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നവയാണ്. ആയതിനാൽ |
| (ബി) | ഈ സ്ഥിതി വിശേഷം സാമ്പത്തിക നിലവാരത്തിൽ ശ്രദ്ധേയമായ മാറ്റം വരുത്തുമെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ജി.എസ്.ടി നിയമമനുസരിച്ച് ഇവയുടെ നികുതി കേരളത്തിന് ലഭിക്കും. സേവന മേഖലയിൽ നികുതി ഈടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. |
| (സി) | വാറ്റിൽ നിന്നും ജി.എസ്.റ്റി.യിലേക്ക് മാറുമ്പോൾ ഉണ്ടാകുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (സി) | ജി.എസ്.റ്റി യിൽ വ്യാപാരികളുമായി ബന്ധപ്പെട്ട സേവനങ്ങൾ കേന്ദ്ര സംസ്ഥാന സംയുക്ത ഉടമസ്ഥതയിലുള്ള കമ്പനിയായ ജി.എസ്.ടി.എൻ ആണ് നൽകുന്നത്. ആയതിനാൽ ഓൺലൈൻ സംവിധാനത്തിലെ പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പുതിയ നികുതി സമ്പ്രദായത്തിലേക്ക് മാറുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**